**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3849**

**25.06.2013 - ലെ മറുപടിക്ക്**

**കട്ടിപ്പാറ വ്യവസായ പാർക്ക്**

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കോഴിക്കോട് ജില്ലയിലെ രാരോത്ത് വില്ലേജിൽ കട്ടിപ്പാറയിലെ വ്യവസായ വകുപ്പിന്റെ സ്ഥലം വ്യവസായ പാർക്കാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) : കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 2002 വർഷം 20.43 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. ഈ ഭൂമിയുടെ വികസനം, അടിസ്ഥാന സൗകര്യമൊരുക്കൽ എന്നിവ സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മേൽ സ്ഥലത്ത് മലിനീകരണ സാദ്ധ്യത കുറഞ്ഞ കാർഷിക, ഭക്ഷ്യ സംസ്കരണമേഖല, ലൈറ്റ് എഞ്ചിനിയറിംഗ് മുതലായ മേഖലകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള വ്യവസായ പാർക്ക് സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) പ്രസ്തുത പാർക്കിൽ പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇത്തരം ആളുകൾക്ക് സ്ഥലം അനുവദിക്കുന്നതിന് മുൻഗണനന നൽകുമോ? | (ബി): ഈ കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ